# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 435 27.06.2014-ലെ മറുപടിയ്ക്ക്

## 12-ാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.സി.ജോസഫ്<br>(ബഹു.ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 12-ാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് 12-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന് 16.06.2012-ൽ സ.ഉ(എം.എസ്)നമ്പർ.168/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറത്തിറക്കിയ മാർഗ്ഗരേഖ 18.08.2012-ൽ സ.ഉ(എം.എസ്)നമ്പർ.225/2012/തസ്വഭവ നമ്പറായി പരിഷ്ക്കരിച്ച് നൽകുകയുണ്ടായി. കൂടാതെ വീണ്ടും മാറ്റങ്ങൾ ആവശ്യമാണെന്ന് വിവിധ തലങ്ങളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ പരിഗണിച്ച് 16.11.2013-ൽ സ.ഉ(എം.എസ്) നമ്പർ.362/2013/തസ്വഭവ നമ്പറായി വീണ്ടും പരിഷ്ക്കരിച്ച് മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുകയുണ്ടായി. |
| (ബി) മാർഗ്ഗരേഖയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ; | (ബി) 12-ാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളുമടങ്ങിയതാണ് ആസൂത്രണ മാർഗ്ഗരേഖ. വികസനരേഖ തയ്യാറാക്കൽ, പദ്ധതി രൂപീകരണം, പഞ്ചവത്സരപദ്ധതി തയ്യാറാക്കൽ, വാർഷിക പദ്ധതികളും പ്രോജക്ടുകളും തയ്യാറാക്കൽ, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവയെക്കുറിച്ചുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയതാണ് മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ. ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്വയംഭരണസ്ഥാപനങ്ങൾ എന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നവിധം സാമ്പത്തിക വികസനത്തിനും സാമൂഹികനീതിയ്ക്കുമുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. പന്ത്രണ്ടാം പദ്ധതിയുടെ സമഗ്ര വികസന കാഴ്ചപ്പാടിലൂന്നി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ വിവിധ സർക്കാർ വകുപ്പുകൾ, |

ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതിയുടെയും അവിടുത്തെ ജനങ്ങളുടെ സമഗ്ര വികസനവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം.

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് പുതിയ മാർഗ്ഗരേഖ എത്രത്തോളം സഹായകരമാകും എന്നത് വിശദമാക്കുമോ; | (സി) | പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം, മോണിട്ടറിംഗ് എന്നീ പ്രവർത്തനങ്ങൾ നിശ്ചിതസമയത്തിനുള്ളിലും സുതാര്യമായും കൃത്യമായും നിർവ്വഹിക്കുന്നതിനുതകുംവിധമാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. ആസൂത്രണ പ്രക്രിയയും നടപടിക്രമങ്ങളും മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് മാർഗ്ഗരേഖ സഹായകരമാണ്. |
| (ഡി) | മാർഗ്ഗരേഖയ്ക്ക് എന്നു മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (ഡി) | 16.11.2013-ലാണ് മാർഗ്ഗരേഖ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതെങ്കിലും പരിഷ്ക്കരിച്ച മാർഗ്ഗരേഖയ്ക്ക് 2014-15 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും കൂടി ചേർത്ത് ഒന്നായിട്ടാണ് പരിഷ്ക്കരിച്ച മാർഗ്ഗരേഖ (സ.ഉ(എം.എസ്)നം.362/2013/തസ്വഭവ തീയതി:16.11.2013) തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ